ക്രിമിനൽ കോള
വീണ്ടും കേരളത്തിൽ



# ട്രിബ്യൂണൽ ബിൽ അട്ടിമറിക്കാനുള്ള നീക്കം

**എസ്. ഫൈസി**
**(പ്ലാച്ചിമട ഉന്നതാധികാര സമിതി അംഗം)**

**പ്ലാച്ചിമടയിലെ** ജലസ്രോതസ്സുകൾ മലിനപ്പെടുത്തിയതിനും ചൂഷണം ചെയ്തതിനുമുള്ള നഷ്ടപരിഹാരമായി 216.26 കോടി രൂപ കൊക്കക്കോള കമ്പനി നഷ്ടപരിഹാരം നൽകണം എന്ന സർക്കാർ നിയമിച്ച പ്ലാച്ചിമട ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് ഐകകണ്ഠേനെയാണ് സംസ്ഥാന നിയമസഭ അംഗീകരിച്ചത്. യു.ഡി.എഫും എൽ.ഡി.എഫും അതിനെ ഒരുപോലെ പിന്തുണച്ചു. എന്നിട്ടും, കുറ്റവാളിയായ കൊക്കക്കോളയെ സർക്കാർ ആശുപത്രികളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനായി ആരോഗ്യവകുപ്പ് ക്ഷണിക്കുന്നത് അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്. പ്ലാച്ചിമട നിവാസികൾക്ക് ടാപ്പിലൂടെ കുടിവെള്ളം വിതരണം ചെയ്യണമെന്ന സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശം അനുസരിക്കാതിരുന്ന കൊക്കക്കോള ഇക്കാര്യം മറച്ചുവച്ചുകൊണ്ടാണ് ഇപ്പോൾ ശുദ്ധജല വിതരണത്തിനിറങ്ങിയിരിക്കുന്നത്. സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശം പാലിക്കണമെന്ന് രണ്ട് തവണ മലിനീകരണ നിയന്ത്രണ ബോർഡ് ആവശ്യപ്പെട്ടിട്ടും പ്ലാച്ചിമടയിൽ ശുദ്ധജലം വിതരണം ചെയ്യാൻ കോള തയ്യാറായില്ല. കോളയെ വെള്ളപൂശാൻ നടത്തുന്ന ഈ ശ്രമത്തിന് സർക്കാർ സംവിധാനങ്ങൾ കൂട്ടുനിൽക്കുന്നത് എതിർക്കപ്പെടണം.

ശുദ്ധജല വിതരണ പരിപാടി കെ.വി. തോമസ് ഉദ്ഘാടനം ചെയ്തതും സംശയം ജനിപ്പിക്കുന്നു. കേരള നിയമസഭ പാസാക്കിയ പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ പ്രസിഡന്റിന്റെ അനുമതിക്കായി അയയ്ക്കുകയും പ്രസിഡന്റ് ബില്ലുമായി ബന്ധപ്പെട്ട വിവിധ മന്ത്രാലയങ്ങളുടെ അഭിപ്രായമറിയാൻ ബിൽ അവർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അതിലൊന്നാണ് കൃഷിമന്ത്രാലയം. പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കെ കേന്ദ്രകൃഷിവകുപ്പ് സഹമന്ത്രി തന്നെ കുറ്റവാളിക്കോളയെ വെള്ളപൂശാനെത്തുമ്പോൾ ബില്ലിനോടുള്ള അദ്ദേഹത്തിന്റെ അഭിപ്രായംകൂടിയാണ് വെളിപ്പെടുന്നത്. പ്രതിപക്ഷത്തിന്റെ ഈ വിഷയത്തിലെ മൗനവും കുറ്റകരമാണ്.

കൊക്കക്കോളയുടെ ശുദ്ധജല വിതരണപദ്ധതി ഉടൻ റദ്ദാക്കാനും ക്രിമിനൽ കോളയ്ക്ക് മുഖംമിനുക്കാൻ കൂട്ടുനിന്ന ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാനും സർക്കാർ തയ്യാറാകണം.

# സർക്കാർ സംവിധാനങ്ങൾ അട്ടിമറിക്കുന്നു

**കുട്ടി അഹമ്മദ് കുട്ടി**
**(മുൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)**

**കൊക്കക്കോള** ഏതുവിധത്തിലും കടന്നുവരുന്നത് തടയണം. ജലചൂഷണത്തിന്റെയും മലിനീകരണത്തിന്റെ പേരിൽ പുറത്താക്കിയ കോള ശുദ്ധജലം വിതരണം ചെയ്യാനെത്തുന്നത് അംഗീകരിക്കാൻ കഴിയില്ല. ശുദ്ധജല വിതരണം സർക്കാറിന്റെ കടമയാണ്. സ്വകാര്യ കമ്പനികളെ അതേൽപ്പിക്കുന്നത് നിലവിലുള്ള സംവിധാനങ്ങളെ അട്ടിമറിക്കുന്നതിന് തുല്യമാണ്. ഒരുപക്ഷെ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ തിരിച്ചറിയാതെ അധികൃതർ തീരുമാനമെടുത്തതാകാം. സർക്കാർ അത് തിരിച്ചറിയുകയും കേരളത്തിലെ സർക്കാർ ആശുപത്രികളിൽ കോള ശുദ്ധജലം വിതരണം നടത്താനെത്തുന്നത് തടയുകയും വേണം.

# എന്തുകൊണ്ട് ക്രിമിനൽ കേസെടുക്കുന്നില്ല?

**സി.ആർ. ബിജോയ്**
**(മനുഷ്യാവകാശ പ്രവർത്തകൻ)**

**കൊക്കക്കോള** കമ്പനിക്കെതിരെ ഇതുവരെ ക്രിമിനൽ നിയമപ്രകാരമുള്ള യാതൊരു കുറ്റാരോപണങ്ങളോ കേസുകളോ പരാതികളോ ഒന്നും തന്നെ എടുത്തിട്ടില്ല എന്നത് പരിഗണിക്കേണ്ട വസ്തുതയാണ്. കൊക്കക്കോള കമ്പനിയുടെ ക്രിമിനൽ അപരാധം സാക്ഷ്യപ്പെടുത്തുന്നതിനുള്ള എല്ലാ തെളിവുകളുമുണ്ടായിട്ടും (ഉന്നതാധികാര സമിതി റിപ്പോർട്ടിൽ വിശദീകരിച്ചതുപോലെ) കമ്പനിക്കെതിരെ ക്രിമിനൽ നടപടികളൊന്നും എടുത്തിട്ടില്ല. ഇതെല്ലാം, തങ്ങൾ ഒരുതെറ്റും ചെയ്തിട്ടില്ല എന്ന് വാദിക്കുന്നതിനായി കമ്പനി തെളിവുകളായി നിരത്തുന്നു. എന്തുകൊണ്ടാണ് കമ്പനിക്കെതിരെ ഇതുവരെ ക്രിമിനൽ നടപടികളൊന്നും എടുക്കാതിരുന്നത്?

കൊക്കക്കോളയെ പ്രതിക്കൂട്ടിലാക്കാൻ മാത്രം സഹായകമാകുന്ന ട്രിബ്യൂണൽ രൂപീകരിക്കാൻ നിശ്ചയിക്കുകയല്ലാതെ ഭൂഗർഭജലമലിനീകരണവും ജലചൂഷണവും നിയന്ത്രിക്കുന്നതിന് വേണ്ടിയുള്ള ഒരു പ്രവർത്തന സംവിധാനം രൂപപ്പെടുത്താൻ രാഷ്ട്രീയപാർട്ടികളും സർക്കാരും എന്തുകൊണ്ട് ശ്രമിച്ചില്ല? അത് പ്രതിരോധങ്ങളുടെ സാധ്യതയെ ലഘൂകരിക്കുന്നു. കമ്പനിയിൽ നിന്നും നഷ്ടപരിഹാരം നേടിയെടുക്കുന്ന

**സർക്കാർ ആശുപത്രികളിലെ കൊക്കക്കോളയുടെ ശുദ്ധജല വിതരണത്തിൽ പ്രതിഷേധിക്കുക**
നമുക്കിടപെടാം. മുഖ്യമന്ത്രി, ആരോഗ്യമന്ത്രി, ജലവിഭവമന്ത്രി എന്നിവരെ പ്രതിഷേധമറിയിക്കുക

തിനായി ഒരു നിയമം നിർമ്മിച്ചു എന്നതാണ് ആകെയുള്ള ഫലം. ആ നിയമം ഇപ്പോൾ കേന്ദ്രസർക്കാറിന്റെ പരിഗണനയിലാണ്. കമ്പനിക്കെതിരെ എടുക്കേണ്ട ക്രിമിനൽ നടപടിയെക്കുറിച്ച് നിയമത്തിൽ ഒന്നും പരാമർശിക്കുന്നില്ല. പെരുമാട്ടി പഞ്ചായത്തും കേരള സർക്കാരും തമ്മിലുള്ള കേസുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന വ്യവഹാരങ്ങൾ പഞ്ചായത്തിന്റെയും സർക്കാറിന്റെയും പ്രശ്നബാധിതരുടെയും ഇടപെടലുകളുടെ അഭാവത്തിൽ സ്തംഭനാവസ്ഥയിൽ തുടരുന്നു. ഈ കേസിലെ പ്രതിഭാഗത്തുള്ള കൊക്കക്കോളയും കേസ് തുടർന്നുപോകുന്നതിൽ താത്പര്യം കാണിക്കുന്നില്ല.

കൊക്കക്കോളയോട് ജനങ്ങൾക്കുണ്ടായ വിരോധം മയപ്പെടുത്താൻ കോള നടത്തുന്ന പബ്ലിക്ക് റിലേഷൻ പരിപാടിയായി ഇപ്പോഴത്തെ ഈ സംഭവം സംശയിക്കേണ്ടിയിരിക്കുന്നു. പ്ലാച്ചിമട ട്രിബ്യൂണൽ യാഥാർത്ഥ്യമാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകാതിരിക്കാൻ കോള സർക്കാരുമായുണ്ടാക്കിയ ഒരു ഉടമ്പടിയായി ഈ സംഭവത്തെ വിലയിരുത്താൻ കഴിയുമോ? ഐതിഹാസികമായ സമരത്തിലൂടെ ആദിവാസികൾ വെളിപ്പെടുത്തിക്കൊണ്ടുവന്ന പ്രശ്നങ്ങൾ ഭൂഗർഭജല സംവിധാനം നിയന്ത്രിക്കുന്നതിലെ ദൗർബല്യവും ഭൂർഗഭ ജലത്തേയും ജലമലിനീകരണത്തെയും സംബന്ധിച്ചുള്ള ഭരണസംവിധാനങ്ങളുടെ പരാജയവും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഭൂർഗർഭജല അതോറിറ്റിയുടെയും കർമ്മരാഹിത്യവും ഏറ്റെടുത്ത് പരിഹരിക്കുന്നതിൽ കേരള ജനതയും പരാജയപ്പെട്ടു. എന്തുകൊണ്ട് പ്ലാച്ചിമട സമരം സംസ്ഥാനവ്യാപകമായ സമരമായി രൂപാന്തരപ്പെടുന്നതിന് പകരം പ്ലാച്ചിമട എന്ന ചെറിയ പ്രദേശത്തിനുള്ളിൽ മാത്രം ഒതുങ്ങിക്കൂടി? പ്ലാച്ചിമടസമരം അതിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അതിന് സാധ്യമായ ലക്ഷ്യങ്ങൾ നേടിയിട്ടുപോലും.

# കോളയുടേത് മുഖംമിനുക്കൽ പരിപാടി

**നിത്യാനന്ദ് ജയരാമൻ**
**(കോർപ്പറേറ്റ് കുറ്റകൃത്യങ്ങൾക്കെതിരെ നിലകൊള്ളുന്ന പരിസ്ഥിതി പ്രവർത്തകൻ)**

**ആശുപത്രികളിൽ** ശുദ്ധജലം വിതരണം ചെയ്യാൻ പോലുമുള്ള സാമ്പത്തിക ശേഷി കേരള സർക്കാറിനില്ലേ? കൊക്കക്കോളയുടെ ഈ പരസ്യപ്രചരണ പരിപാടിയിൽ മന്ത്രിയും എം.എൽ.എയും പങ്കെടുത്തത് വലിയ നാണക്കേടുതന്നെ. മൾട്ടിനാഷണൽ കമ്പനിയുടെ എന്ത് പരിപാടിയും സ്വീകരിക്കാൻ സന്നദ്ധരാണ് ഈ രാഷ്ട്രീയക്കാർ. മരുന്നിന് അടിമകളായവരെ സംരക്ഷിക്കാനുള്ള റീഹാബിലിറ്റേഷൻ സെൽ തുടങ്ങാൻ മരുന്നുകമ്പനിക്കാരെ തന്നെ രാഷ്ട്രീയക്കാർ ക്ഷണിച്ചാലും അതിൽ അത്ഭുതപ്പെടാനില്ല. കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി കണ്ണിൽപൊടിയിടാനുള്ള വഞ്ചനാ പരിപാടിയാണ്. ആശുപത്രികളിൽ ശുദ്ധജലമെത്തിക്കുക എന്നത് കോർപ്പറേറ്റുകളുടെ ജോലിയല്ല. സർക്കാറാണ് അത് ചെയ്യേണ്ടത്. സംസ്ഥാന നിയമസഭയിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനായി കോർപ്പറേറ്റുകളുടെ



സഹായം തേടാൻ സർക്കാർ തയ്യാറാകുമോ? നഷ്ടപ്പെട്ടുപോയ ഇമേജ് വീണ്ടെടുക്കാനും മലിനീകരണവും ജലചൂഷണവും നടത്തി പ്രാദേശിക ജനതയോട് ചെയ്ത കുറ്റകൃത്യങ്ങൾ മറച്ചുവയ്ക്കാനുമുള്ള ശ്രമമാണ് കോളയുടെ ശുദ്ധജല വിതരണ പരിപാടി. ജനപ്രതിനിധികൾ അതിനെ പിന്തുണയ്ക്കുന്നത് അത്യന്തം അപമാനകരം.

# അന്ന് വെള്ളം കൊടുക്കാതെ ഇന്ന് വെള്ളം കുടിപ്പിക്കുമ്പോൾ

**അഡ്വ. പി.എ. പൗരൻ**
**(അംഗം, ലോക്കൽ ഏരിയ എൻവിയോൺമെന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി)**

**കേരളനിയമസഭ** പാസാക്കി രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിച്ച പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ വിവിധ വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ കേന്ദ്ര ആഭ്യന്തര വകുപ്പ് ചുമതലപ്പെടുത്തിയിരിക്കുന്നത് കൃഷിവകുപ്പിനെയാണ്. കൃഷിവകുപ്പ് വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ആഭ്യന്തര വകുപ്പിന് റിപ്പോർട്ട് ചെയ്യണം. ആ സാഹചര്യത്തിൽ കോളയുടെ ശുദ്ധജലവിതരണ പദ്ധതിയുടെ ഉദ്ഘാടനം കേരളത്തിൽ നിന്നുള്ള ഭക്ഷ്യ-കൃഷി വകുപ്പ് സഹമന്ത്രി കെ.വി.തോമസ്സിനെക്കൊണ്ടുതന്നെ നിർവ്വഹിപ്പിക്കുന്നതിന്റെയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കേണ്ട ബാധ്യത സർക്കാരുകളിൽ നിക്ഷിപ്തമായിരിക്കെ ഈ ഉത്തരവാദിത്വം ഒരു വിദേശ സ്വകാര്യ കമ്പനിക്ക് നൽകുന്നതിന്റെയും സാംഗത്യം മനസിലാകുന്നില്ല. കൊച്ചിക്കുശേഷം പദ്ധതി തിരുവനന്തപുരത്തും കോഴിക്കോടും

വ്യാപിപ്പിക്കാൻ കമ്പനി കേരള സർക്കാരുമായി കരാർ ഒപ്പിട്ടിരിക്കുന്നു. പ്ലാച്ചിമടയിൽ കമ്പനി നടത്തിയ ക്രമാതീതമായ ജലചൂഷണത്തെപ്പറ്റി പഠിക്കാൻ ഇന്ത്യയിലെ പ്രശസ്ത സാമൂഹ്യശാസ്ത്രജ്ഞനായ ക്ലോഡ് ആൾവാരീസ് ഉൾപ്പെടുന്ന ഉന്നതാധികാര മോണിറ്ററിംഗ് കമ്മിറ്റിയെ സുപ്രീംകോടതി ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ കമ്മിറ്റി കേരളത്തിൽ വരികയും പ്ലാച്ചിമട സന്ദർശിക്കുകയും ഉണ്ടായി. പ്ലാച്ചിമടയിലെ സാധാരണ ജനങ്ങളുടെ ദുരിതങ്ങൾ നേരിട്ടുമനസിലാക്കിയ കമ്മറ്റി പ്ലാച്ചിമടയിലെ ജനങ്ങളുടെ കുടിവെള്ള പ്രശ്നം ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കാനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി ഒരു പ്രാദേശിക കമ്മറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയിലെ ഒരംഗമെന്ന നിലക്ക് പല പ്രാവശ്യം പ്ലാച്ചിമട സന്ദർശിക്കാനും അവിടുത്തെ പ്രദേശവാസികളുടെ പ്രശ്നങ്ങൾ നേരിട്ടു മനസിലാക്കുവാനും എനിക്ക് സാധിച്ചിട്ടുണ്ട്.

ഒന്നാംഘട്ടമെന്ന നിലയിൽ പ്ലാച്ചിമടയിലെ 338 കുടുംബങ്ങൾക്ക് കുറ്റമറ്റ രീതിയിൽ പൈപ്പുകൾ സ്ഥാപിച്ച് കമ്പനിയുടെ ചിലവിൽ മുഴുവൻ ദിവസങ്ങളിലും ശുദ്ധജലം എത്തിച്ചുകൊടുക്കാനുള്ള ഒരു പ്രൊജക്ട് പ്രാദേശിക പരിസ്ഥിതി കമ്മറ്റിയിൽ അവതരിപ്പിക്കുകയുണ്ടായി. കമ്പനി പ്രതിനിധികളുടെ ശക്തമായ എതിർപ്പിനെ പരാജയപ്പെടുത്തിക്കൊണ്ട് ആ നിർദ്ദേശം അംഗീകരിക്കുകയും അതു സമയബന്ധിതമായി നടപ്പിലാക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുകയും ഉണ്ടായി. എന്നാൽ ചില സാങ്കേതിക തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ട് നൂറുകണക്കിന് ജനങ്ങൾക്ക് പ്രയോജനം കിട്ടേണ്ട ആ പദ്ധതി പോലും നടപ്പിലാക്കാൻ തയ്യാറാകാത്ത കൊക്കൊകോള കമ്പനിയുടെ ഉള്ളിലിരുപ്പ് ഇപ്പോൾ വ്യക്തമാണ്. രാഷ്ട്രീയ നേതൃത്വത്തിന്റെ സഹായത്തോടെ, ഒത്താശയോടെ പ്ലാച്ചിമട സ്പെഷൽ ട്രൈബ്യൂണൽ ബിൽ പരാജയപ്പെടുത്തുകയും കേരളത്തിലെ ജലവിതരണത്തിന്റെ നിയന്ത്രണം പടിപടിയായി ഏറ്റെടുക്കുകയും ചെയ്യുന്നതിന്റെ തുടക്കമാണ് ശുദ്ധജലവിതരണ പദ്ധതി.

# ശുദ്ധജലം നൽകിയാൽ തീരില്ല കൊക്കക്കോളയുടെ കുറ്റം

**വിജയരാഘവൻ ചേലിയ**
**(കൺവീനർ, പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)**

**ജനവിരുദ്ധനയങ്ങൾ** കാരണം കേരളം തള്ളിക്കളഞ്ഞ കൊക്കക്കോളയെ പുതിയ രൂപത്തിൽ കുടിയിരുത്താൻ നടത്തുന്ന ശ്രമം തീർച്ചയായും ചെറുക്കപ്പെടണം. പിൻവാതിലിലൂടെ സ്വീകാര്യത നേടിയെടുക്കാനുള്ള ശ്രമമാണ് കോള നടത്തുന്നത്. പ്ലാച്ചിമടക്കാരോട് ക്രിമിനൽ കുറ്റം ചെയ്ത കോളയ്ക്ക് മാന്യത നേടിക്കൊടുക്കാൻ സർക്കാർ കൂട്ടുനിൽക്കുന്നത് തീർത്തും അപലപനീയമാണ്. കേരള സമൂഹം ഈ വൃത്തികേട് കണ്ടില്ലെന്ന് നടിക്കരുത്. ശുദ്ധജലം വിതരണം ചെയ്താൽ തീരുന്നതല്ല കൊക്കക്കോള ചെയ്ത കുറ്റം. പ്ലാച്ചിമട കൊക്കക്കോള പ്ലാന്റ് പ്രവർത്തിച്ചിരുന്ന പെരുമാട്ടി പഞ്ചായത്തിൽ മുഴുവൻ കുടിവെള്ളം വിതരണം ചെയ്താലും കോള കുറ്റക്കാരനല്ലാതെയാകുന്നില്ല. പ്ലാച്ചിമട സമരവും ആ നിലപാടാണ് സ്വീകരിക്കുന്നത്. ഇത്തരം കോർപ്പറേറ്റ് തന്ത്രങ്ങൾക്ക് മുതിരാതെ പ്ലാച്ചിമടക്കാർക്ക് മാന്യമായ നഷ്ടപരിഹാരം കൊടുക്കാൻ കോള തയ്യാറാകണം.

# സർക്കാർ നയത്തിൽ നിന്നുള്ള പിന്മടക്കം

**സി.ആർ. നീലകണ്ഠൻ**
**(സാമൂഹികപ്രവർത്തകൻ)**

**കോളയുടെ** കാര്യത്തിൽ സർക്കാർ സ്വീകരിച്ച ഒരു നയമുണ്ട്. പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നിയമസഭ പാസാക്കിയത് ആ നയത്തിന്റെ ഭാഗമായാണ്. കഴിഞ്ഞ സർക്കാറിന്റെ കാലത്തായിരുന്നെങ്കിലും സർക്കാർ ഒരു തുടർച്ചയാണ്. അപ്പോൾ സർക്കാർ നയത്തിൽ നിന്നുള്ള ഒരു വ്യതിചലനമാണ് കൊക്കക്കോളയെ ശുദ്ധജല വിതരണത്തിന് ക്ഷണിച്ചതിലൂടെ സംഭവിച്ചിരിക്കുന്നത്. കൊക്കക്കോള അടച്ചുപൂട്ടിയത് തെറ്റായിപ്പോയെന്നും പെപ്സി അടയ്ക്കാതിരുന്നത് മന്ത്രിയുടെ കഴിവാണെന്നും പരസ്യമായി പറയുന്ന ഉദ്യോഗസ്ഥന്മാരാണ് നമുക്കുള്ളത്. അദ്ദേഹം തന്നെയാണ് ഇപ്പോഴും വ്യവസായ വകുപ്പ് സെക്രട്ടറി. പക്ഷപാതിത്വമുള്ള ഇത്തരം ഉദ്യോഗസ്ഥരാണ് കോളയെ വീണ്ടും കൊണ്ടുവരാൻ ശ്രമിക്കുന്നത്. ഇവരുള്ളപ്പോൾ കോളയ്ക്ക് മുഖംമിനുക്കാൻ എളുപ്പമാണ്. വെള്ളം വിൽക്കുന്ന കമ്പനിയെതന്നെ വെള്ളം വിതരണം ചെയ്യാനേൽപ്പിക്കുന്നതിലെ വിരോധാഭാസം ജനം തിരിച്ചറിയണം. പ്ലാച്ചിമട സമരം കത്തിനിന്ന സമയത്ത് കോളയ്ക്കെതിരെ ഉണ്ടായിരുന്ന ജനവികാരം ഇപ്പോൾ കുറഞ്ഞതിന്റെ ലക്ഷണങ്ങളാണിതെല്ലാം. അന്ന് കോളയെ അനുകൂലിക്കാൻ ഒരു രാഷ്ട്രീയ പാർട്ടിയും തയ്യാറായിരുന്നില്ല. ജനവികാരം വീണ്ടെടുക്കുകയാണ് പരിഹാരം.

# ആശുപത്രിയിലെത്തുന്നവർ ഈ വെള്ളം വേണ്ടെന്ന് പറയണം

**സി.എ. വിജയചന്ദ്രൻ**
**(മുൻ ജല അതോറിറ്റി ഉദ്യോഗസ്ഥൻ)**

**സർക്കാർ** ആശുപത്രികളിൽ ശുദ്ധജലം തന്നെയാണ് വാട്ടർ അതോറിറ്റി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. കൊക്കകോള ശുദ്ധജല വിതരണത്തിനുള്ള പരിപാടിയുമായി മുന്നോട്ട് വരുമ്പോൾ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന ജലം ശുദ്ധമല്ല എന്ന തോന്നൽ പൊതുജനത്തിനിടയിൽ സൃഷ്ടിക്കപ്പെടുന്നു. ആശുപത്രിയിലെത്തുന്നവർക്ക് ശുദ്ധജലം കൊടുക്കുകയല്ല അവരുടെ ലക്ഷ്യമെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ശക്തമായ സമരങ്ങളിലൂടെ ഈ പരിപാടി ചെറുക്കപ്പെടണം. ഈ വെള്ളം ഞങ്ങൾ ഉപയോഗിക്കില്ല എന്ന് പറയാൻ ആശുപത്രിയിലെത്തുന്ന ജനങ്ങൾ തയ്യാറാകണം. അതിനുവേണ്ടിയുള്ള ക്യാമ്പയിൻ പൊതുപ്രവർത്തകർ ആരംഭിക്കണം. സാമൂഹികപ്രതിബദ്ധതയാണ് കോളയുടെ ഉദ്ദേശമെങ്കിൽ പ്ലാച്ചിമടക്കാർക്ക് നഷ്ടപരിഹാരം കൊടുക്കുകയാണ് ആദ്യം വേണ്ടത്. വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതി നന്നായി നടക്കുന്ന സ്ഥലമാണ് കൊച്ചി. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളമാണ് ലക്ഷക്കണക്കിനാളുകൾ കൊച്ചി നഗരത്തിൽ കുടിക്കുന്നത്. ആ സംവിധാനത്തെ അട്ടിമറിക്കാനാണ് കോള ശ്രമിക്കുന്നത്. തിരുവനന്തപുരത്തും കോഴിക്കോടും പദ്ധതി വരുന്നു എന്നതിനാൽ സർക്കാറിലെ ഉന്നതതലത്തിൽ അറിഞ്ഞുകൊണ്ടുള്ള നീക്കമാണ് ഇത് എന്ന് ഉറപ്പിക്കാം.

# ജീവകാരുണ്യമല്ല, ലാഭമാണ് കോളയുടെ ലക്ഷ്യം

**എ. ജയശങ്കർ**
**(അഭിഭാഷകൻ, രാഷ്ട്രീയ നിരീക്ഷകൻ)**

കുടിവെള്ള വിതരണം നടത്താനുള്ള ധാർമ്മിക അവകാശം കൊക്കക്കോളയ്ക്കില്ല. പ്ലാച്ചിമടക്കാർക്കുള്ള നഷ്ടപരിഹാരം നൽകുകയാണ് അവർ പ്രാഥമികമായി ചെയ്യേണ്ടത്. അത്രവലിയ തെറ്റാണ് കോള പ്ലാച്ചിമടയിലെ ജനങ്ങളോട് ചെയ്തത്. കേരളത്തിൽ മാത്രമാണ് അവർ പ്ലാന്റിന്റെ പ്രവർത്തനം നിർത്തിയത്. നമ്മുടെ അയൽ സംസ്ഥാനങ്ങളിലെല്ലാം ജനങ്ങളുടെ കുടിവെള്ളമൂറ്റി അവർ കോളയുണ്ടാക്കുന്നുണ്ട്. എന്നിട്ട് കേരളത്തിൽ ശുദ്ധജല വിതരണം നടത്താൻ വരുന്നതിന്റെ പിന്നിലെ തട്ടിപ്പ് നമ്മൾ തിരിച്ചറിയണം. നമ്മൾ ചെറുത്തുതോൽപ്പിച്ച കോളകമ്പനിയാണ് ആട്ടിൻതോലണിഞ്ഞ് കടന്നുവരാൻ ശ്രമിക്കുന്നതെന്ന് കാണാതിരിക്കരുത്. ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനമല്ല കൊക്കക്കോള. ലാഭമാണ് അവരുടെ മുഖ്യലക്ഷ്യം. അതുകൊണ്ട് തന്നെ കുടിവെള്ള വിതരണത്തിന്റെ പിന്നിലെ ഉദ്ദേശശുദ്ധി സംശയാസ്പദമാണ്. അധോലോക രാജക്കന്മാർ ചേരിയിലെ പെൺകുട്ടികളുടെ കല്യാണം നടത്തിക്കൊടുക്കുന്നതുപോലെയുള്ള തട്ടിപ്പാണ് കോളയും ആവർത്തിക്കുന്നത്. മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഒരു മറയും ഒപ്പം പൊതുസ്വീകാര്യതയും കിട്ടാൻവേണ്ടി മാത്രമാണിത്. ആലുവയിലുള്ള കൈറ്റ്ലൈഫ് ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയിലൂടെയാണ് കോള ശുദ്ധജല വിതരണം നടത്തുന്നത്. ഇത്തരം സന്നദ്ധസംഘടനകളുടെ പ്രവർത്തനം സംശയാസ്പദമാണ്. കോർപ്പറേറ്റുകളുടെ ലേബലായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളെ ഒറ്റപ്പെടുത്തേണ്ടതുണ്ട്.


# ലോകബാങ്കിന്റെ വഴിയിൽ കാര്യങ്ങൾ എത്തുന്നു

**ആർ. ശ്രീധർ**
**(പരിസ്ഥിതി വിദഗ്ധൻ)**

കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതകൊണ്ട് വിജയിച്ച സമരമായിരുന്നു പ്ലാച്ചിമട സമരം. വിഭവങ്ങളുടെ അധികാരവുമായി ബന്ധപ്പെട്ട രാഷ്ട്രീയ നിലപാടാണ് പ്ലാച്ചിമട സമരത്തിന്റെ സന്ദേശം. കേരളത്തിന്റെ വികസനത്തെക്കുറിച്ചുള്ള ചർച്ചകൾ ആ നിലപാടിൽ നിന്നാണ് തുടങ്ങേണ്ടതെന്ന് എന്ന് പ്ലാച്ചിമട സമരം പൊതുസമൂഹത്തെ ബോധ്യപ്പെടുത്തി. ആ രാഷ്ട്രീയ നിലപാടുകളിൽ നിന്നുള്ള ഒരു പിൻമടക്കമാണ് കൊക്കക്കോളയെ ശുദ്ധജല വിതരണത്തിന് അനുവദിച്ചതിലൂടെ സംഭവിച്ചിരിക്കുന്നത്. കേന്ദ്രമന്ത്രി കെ.വി. തോമസ് വീണ്ടും ഇത്തരം വിഡ്ഢിത്തങ്ങൾക്ക് കൂട്ടുനിൽക്കുമ്പോൾ അദ്ദേഹത്തിന്റെ പിന്നിലുള്ള ലോബി ഏതെല്ലാമാണെന്ന് കൂടുതൽ വ്യക്തമാകുന്നു. കഴിഞ്ഞ സർക്കാർ കുപ്പിയിൽ കുടിവെള്ളം വിൽക്കാനുള്ള പദ്ധതി ആലോചിച്ചിരുന്നു. അതിനേക്കാൾ മോശമായ സാഹചര്യമാണ് ശുദ്ധജല വിതരണത്തിന് കോളയെ ക്ഷണിക്കുന്നതിലൂടെ ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. കൊക്കക്കോളയ്ക്ക് കേരളത്തിൽ പ്രവർത്തനം നിർത്താൻ ഇടയാക്കിയ രാഷ്ട്രീയ സാഹചര്യത്തെ അരാഷ്ട്രീയവത്കരിച്ചിരിക്കുകയാണ് സർക്കാർ. ഈ രീതിയിൽ രാഷ്ട്രീയ സംവിധാനങ്ങളെ അരാഷ്ട്രീയവത്കരിച്ചുകൊണ്ടാണ് കോർപ്പറേറ്റുകൾ സമൂഹത്തിലേക്ക് കടന്നുവരുന്നത്.

സർക്കാർ ആശുപത്രിയിലെ പതിനായിരക്കണക്കിന് ആളുകൾക്ക് ഞങ്ങൾ ശുദ്ധജലം നൽകുന്നു എന്ന് പറഞ്ഞ് കുറച്ച് നാളുകൾക്ക് ശേഷം അവർ ഒരു കണക്കുകൂടി പുറത്തിറക്കും. അതാണ് കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസബിലിറ്റിയുടെ തട്ടിപ്പ്. ശുദ്ധജലവിതരണം എന്ന കടമയിൽ നിന്നും സർക്കാർ പിന്മാറുകയാണ് ഫലത്തിൽ സംഭവിക്കുന്നത്.
എൻഡോസൾഫാൻ പ്രശ്നത്തിലും ഇത് സംഭവിക്കുന്നുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ നടത്താൻ ബാധ്യതയുള്ള സർക്കാർ അതിൽ നിന്നും പിന്മാറിയിട്ട് വേൾഡ് മലയാളി കൗൺസിൽ പോലെയുള്ള ചില സംഘടനകളെ പുനരധിവാസ പ്രവർത്തനങ്ങൾ ഏൽപ്പിച്ചിരിക്കുന്നു. പുനരധിവാസ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാതിനിധ്യം നൽകിക്കൊണ്ട് എൻഡോസൾഫാൻ റിലീഫ് ആന്റ് റീഹാബിലിറ്റേഷൻ സെൽ സർക്കാർ തന്നെ രൂപീകരിച്ചിട്ടുണ്ട്. പക്ഷെ മറ്റ് പല സംഘടനകളും ഇതിനായി രംഗത്ത് വരുമ്പോൾ സർക്കാർ സംവിധാനത്തിന്റെ പ്രവർത്തനം മരവിക്കുന്നു.

റോഡ് നിർമ്മാണത്തിന്റെ കാര്യത്തിലും ഇതുതന്നെ സംഭവിക്കുന്നു. പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് ഒരു കോടി രൂപയ്ക്ക് നിർമ്മിച്ചിരുന്ന റോഡ് സ്വകാര്യ നിർമ്മാതാക്കളെ രണ്ടിരട്ടി തുകയ്ക്ക് നിർമ്മിക്കാൻ അനുവദിക്കുന്നു. പിന്നെ ബി.ഒ.ടി വരുന്നു. പബ്ലിക്ക് വർക്കിനായുള്ള സർക്കാർ സംവിധാനം മെച്ചപ്പെടുത്തുന്നതിന് പകരം അവർ ചെയ്യേണ്ട ജോലി സ്വകാര്യകമ്പനികളെ ഏൽപ്പിക്കുന്നു. ഇപ്പോൾ നഗരങ്ങളിലെ സർക്കാർ ആശുപത്രികളിൽ ശുദ്ധജല വിതരണത്തിനൊരുങ്ങുന്ന കോളയുടെ അടുത്തനീക്കം കേരളത്തിലെ എല്ലാ ആശുപത്രികളിലേക്കും ഇത് വ്യാപിപ്പിക്കുക എന്നതാകും. ലോകബാങ്ക് ഉദ്ദേശിക്കുന്നിടത്തേക്ക് തന്നെയാണ് കാര്യങ്ങൾ നീങ്ങുന്നത്. സാമൂഹികപ്രവർത്തകർ ശ്രദ്ധിക്കുക.



# കോർപ്പറേറ്റുകൾ സമാന്തര സർക്കാരാകുമ്പോൾ

**ഡോ.എ. ലത**
**(ഡയറക്ടർ, റിവർ റിസർച്ച് സെന്റർ)**

സർക്കാർ ചെയ്യേണ്ട ശുദ്ധജല വിതരണം പോലെയുള്ള കാര്യങ്ങളിൽ കോർപ്പറേറ്റുകൾ കൈകടത്തുന്നത് ഇന്ത്യയിൽ ഇപ്പോൾ പതിവാണ്. ശുദ്ധജലം കിട്ടുക എന്നത് എല്ലാ ജനങ്ങളുടെയും അവകാശവും അത് ലഭ്യമാക്കുക എന്നത് സർക്കാറിന്റെ ഉത്തരവാദിത്തവുമാണ്. കോർപ്പറേറ്റുകളും സർക്കാറുകളും തമ്മിലുള്ള അതിർവരമ്പ് കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി കുറച്ചുകൊണ്ടിരിക്കുന്നു. corporatisation ന്റെ decentralisation ആണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

കോള കൊടുക്കുന്ന വെള്ളം ശുദ്ധമാണെന്ന് എങ്ങനെ പറയാൻ കഴിയും? കാശുമുടക്കി വലിയ ടെക്നോളജി ഇറക്കുമതി ചെയ്താൽ വെള്ളം ശുദ്ധീകരിക്കാം എന്ന് പറയുന്നത് മണ്ടത്തരമാണ്. സി.എസ്.ഇ നടത്തിയ പഠനത്തിൽ കോളയുത്പന്നങ്ങളിൽ കീടനാശിനികൾ അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിരുന്നു. മാരകമായ ഈ പാനീയം ഇന്ത്യയെമ്പാടും വില്പന നടത്തുന്ന കോളയ്ക്ക് ശുദ്ധജലത്തെക്കുറിച്ച് എങ്ങനെ സംസാരിക്കാൻ കഴിയും? ഇപ്പോൾ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലം കോള വീണ്ടും ശുദ്ധീകരിക്കേണ്ട ആവശ്യമില്ല. സർക്കാർ ആശുപത്രിയിലെത്തുന്ന സാധാരണക്കാരെ കബളിപ്പിച്ചുകൊണ്ട് വിശ്വാസം വീണ്ടെടുക്കാനാണ് കോള ശ്രമിക്കുന്നത്. കുടിവെള്ളം പോലെയുള്ള തന്ത്രപ്രധാനമായ മേഖലകളിൽ കോർപ്പറേറ്റുകൾ പ്രവേശിക്കുന്നതിന്റെ അപകടം പൊതുസമൂഹം തിരിച്ചറിയണം. സർക്കാറിന്റെ ഈ തീരുമാനം എതിർക്കപ്പെട്ടില്ലെങ്കിൽ നാളെ അടിസ്ഥാന മേഖലകളെല്ലാം നിയന്ത്രിക്കുന്നത് കോർപ്പറേറ്റുകളായിരിക്കും. വെള്ളം വിൽക്കുന്ന കമ്പനിതന്നെ ശുദ്ധജലം വിതരണം ചെയ്യാനെത്തുന്നതുപോലെ പലതും നമ്മൾ കാണേണ്ടിവരും. മഴവെള്ള സംഭരണത്തിന്റെ സാധ്യത ഉപയോഗിച്ച് സർക്കാറിന് തന്നെ ആശുപത്രികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും. ധാരാളം സർഫസ് ഏരിയ കേരളത്തിലെ സർക്കാർ ആശുപത്രികൾക്കുണ്ട്. അത് പ്രയോജനപ്പെടുത്തണം. അല്ലാതെ ജലവിതരണത്തിന്റെ ഉത്തരവാദിത്തം കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുത്ത് സമാന്തര സർക്കാറുണ്ടാക്കുകയല്ല വേണ്ടത്.

# കോളയ്ക്ക് മാന്യത നൽകരുത്

**കെ.പി. ഇല്യാസ്**
**(സെക്രട്ടറി, ഒരേ ഭൂമി ഒരേ ജീവൻ)**

മണ്ണും വായുവും മലിനമാക്കുകയും ജലചൂഷണം നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന കൊക്കക്കോളയെ സർക്കാർ ആശുപത്രികളിൽ ശുദ്ധജല വിതരണത്തിന് നിയോഗിക്കുന്നത് തികച്ചും അപലപനീയമാണ്. ശുദ്ധവായു, ശുദ്ധജലം, ശുദ്ധഭക്ഷണം എന്നിവ നാട്ടിൽ ഉറപ്പുവരുത്തേണ്ടത് സർക്കാറാണ്. വിഷക്കോളകൾ നിരോധിക്കുന്നതിന് പകരം അതിന് മാന്യത നൽകി ജനകീയമാക്കാൻ ശ്രമിക്കുന്ന നടപടി അനുവദിക്കാൻ പാടില്ല.

# ലക്ഷ്യം കുപ്പിവെള്ള കച്ചവടം

**അജിത്ത്**
**(എൻജിനിയർ, ഭൂജലവകുപ്പ്)**

കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റിയുടെ ഭാഗമായാണ് ഇത്തരം പ്രവർത്തനങ്ങളിലേക്ക് കോർപ്പറേറ്റ് കമ്പനികൾ എത്തുന്നത്. വാസ്തവത്തിൽ സാമൂഹിക നന്മ യല്ല ഇതിന്റെ ലക്ഷ്യം. ശുദ്ധജല വിതരണം കോളയുടെ ജോലിയല്ല. ഒരുപാട് പേർക്ക് കുടിക്കാനുള്ള വെള്ളം പ്ലാച്ചിമടയിൽ മലിനപ്പെടുത്തിയ ഒരു കമ്പനിക്ക് ശുദ്ധജലം വിതരണം ചെയ്യാൻ എന്ത് ധാർമ്മികതയാണ് ഉള്ളത്. നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ ശുദ്ധജലം തരാൻ അപര്യാപ്തമാണെന്നും അവർ തരുന്ന ജലം ശുദ്ധമല്ലെന്നുമാണ് ഇതിലൂടെ കോള പറയാൻ ശ്രമിക്കുന്നത്. സർക്കാർ തന്നെ അതിന് കൂട്ടുനിൽക്കുന്നത് എന്തിനാണ്? കേരളത്തിൽ ഇപ്പോൾ വിതരണം ചെയ്യുന്ന വെള്ളം കുടിക്കാൻ യോഗ്യമല്ല എന്ന പ്രചരണം കുപ്പിവെള്ള കച്ചവടത്തിന്റെ തന്ത്രമാണ്.

ആശുപത്രികൾ പോലെ രോഗികൾ വരുന്ന ഒരു സ്ഥലത്ത് തന്നെ ശുദ്ധജലം നൽകുന്നതിന് പിന്നിലും സുരക്ഷിതമായത് ഞങ്ങൾ തരുന്നു എന്ന തന്ത്രമാണുള്ളത്. പ്ലാച്ചിമടക്കാർക്ക് നഷ്ടപരിഹാരം നൽകാൻ തയ്യാറല്ലെന്ന് പറയുന്നുണ്ടെങ്കിലും പ്ലാച്ചിമടയിൽ അവരുണ്ടാക്കിയ നഷ്ടങ്ങളെക്കുറിച്ച് പഠിക്കാൻ കോള തയ്യാറാകുന്നില്ലല്ലോ? സർക്കാറിന്റെയും സമരപ്രവർത്തകരുടെയും കണ്ടെത്തലുകൾ വസ്തുതാവിരുദ്ധമാണെന്ന് പറയുന്നുണ്ടെങ്കിലും വസ്തുതാന്വേഷണത്തിന് കോള തയ്യാറായിട്ടില്ല.

ഈ പറയുന്ന സാമൂഹിക പ്രതിബദ്ധത അവർക്കുണ്ടെങ്കിൽ അവർ ന്യായമായും അത് മനസിലാക്കാൻ ശ്രമിക്കേണ്ടതാണ്. ജലം മലിനപ്പെടുത്തുന്നതായി പരാതി വന്നപ്പോൾ കഞ്ചിക്കോടുള്ള പെപ്സിക്കോളയും നാട്ടുകാർക്ക് ശുദ്ധജലം നൽകിയിരുന്നു. അവർ ചെയ്യുന്ന കുറ്റത്തിന് ഇത് പരിഹാരമാകുന്നില്ല എന്ന് ജനം തിരിച്ചറിയണം.

എറണാകുളത്ത് പ്രവർത്തിക്കുന്ന ഒരു എൻ.ജി.ഒ കോളയുടെ ശുദ്ധജല വിതരണ പരിപാടിക്ക് കൂട്ടുനിൽക്കുന്നത് തീർത്തും അപലപനീയമാണ്. ഈ പ്രവർത്തിയിലൂടെ നല്ല ഉദ്ദേശത്തോടെ പ്രവർത്തിക്കുന്ന പല എൻ.ജി.ഒ കളേയും അവർ അപമാനിച്ചിരിക്കുന്നു.

# കുത്തകകളെ കേരളത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമം

**കെ. അജിത**
**(അന്വേഷി)**

കൊക്കക്കോളയുടെ ഈ നടപടി ശക്തമായി എതിർക്കപ്പെടണം. ആദ്യം അവർ ശുദ്ധജലം കൊടുത്ത് തുടങ്ങും. പിന്നെ കോള കൊടുക്കാനും മടിക്കില്ല. കേരളത്തിൽ വീണ്ടും ഉത്പാദനം തുടങ്ങാനുള്ള കോളയുടെ തന്ത്രമാണിത്. മലിനീകരണത്തിന്റെയും ജലചൂഷണത്തിന്റെയും പേരിൽ പ്രബുദ്ധരായ കേരളീയർ സമരം ചെയ്ത് പുറത്താക്കിയ കോള വീണ്ടും വരുന്നത് എന്ത് വിലകൊടുത്തും തടയാൻ നമ്മൾ

തയ്യാറാകണം. പ്ലാച്ചിമടക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാത്ത കോളയെ വീണ്ടും ആനയിക്കുന്നതിലൂടെ പല ബഹുരാഷ്ട്രകുത്തകകളെയും കേരളത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

**New drinking water facilities in Kerala hospitals**

**PTI** | Kochi, June 27, 2011 14:54

A novel initiative to equip Government Hospitals in Kerala with clean drinking water facilities meeting potable standards has been launched in the state.

Launching the scheme at a function here on Sunday, Union minister of state for Consumer Affairs, Food and Public Distribution, K V Thomas handed over the first two units to the General Hospital in the presence of Ernakulam MLA Hibi Eden and District Collector, Sheik Pareeth.

The pilot project to install seven clean drinking water solutions at 6 selected locations of the Government Taluk Hospitals in Ernakulam district is implemented by Kochi-based NGO Kite Life Foundation with the financial support of Hindustan Coca-Cola Beverages Pvt. Limited.

The units for the project were specially designed and supplied by Eureka Forbes Limited. As part of the pilot project, two units are being installed at the Government General Hospital, Ernakulam, one unit each at Women & Child Hospital, Mattanchery, Taluk Hospital, Fort Cochin, Maharajas Hospital, Karuvalippadi, Government Taluk Hospital, Aluva and Government Taluk Hospital, North Paravur.

In the next phase, Kite Life Foundation will commission clean drinking water units in Government Hospitals in Thiruvananthapurm and Kozhikode with the support of Hindustan Coca-Cola Beverages, a press release here said.

Rajesh Nair, President, Kite Life Foundation said the project would be taken across the state in the next one year.

Ajai Kumar, General Sales Manager for Kerala, Hindustan Coca-Cola Beverages Pvt Ltd said, the company seeks to contribute to the community by way of implementing innovative projects in access to water, water conservation and management across the country. The Clean Drinking Water Initiative in Government Hospitals of Kerala is the latest in these efforts.

Kite Life Foundation (KLF) is an NGO based at Kochi formed by a group of like minded people to integrate the purpose of development of Kite Culture, along with social service, in the minds of people of Kerala.

For water conservation, the Coca Cola Company has already installed 500 RWH projects across the country in partnership with local NGOs, State Ground Water Departments, Resident Welfare Associations, Market Associations, Schools and Colleges.

എറണാകുളം ജില്ലാ ആശുപത്രിയിലെ കൊക്കക്കോളയുടെ ശുദ്ധജല വിതരണ പദ്ധതിയെക്കുറിച്ചുള്ള പി.ടി.ഐ റിപ്പോർട്ട്

# ശുദ്ധജലവിതരണത്തെ സ്വാഗതം ചെയ്യുന്നു

**കെ.എ. സമദ്**
**(വ്യവസായ സംരംഭകൻ)**

ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് ഒരു കുറ്റവാളി കമ്പനിയായിരിക്കാം. ഒരിക്കൽ നിങ്ങളവരെ അഴികൾക്കുള്ളിലാക്കിയേക്കാം. പക്ഷെ രോഗാണുക്കളില്ലാത്ത വെള്ളം അവർ ആശുപത്രിയിലെ സാധാരണക്കാർക്ക് കൊടുക്കാൻ ഏർപ്പാട് ചെയ്യുന്നുണ്ടെങ്കിൽ അതിനെ സ്വാഗതം ചെയ്യുന്നു.

ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ കമ്പനിയുടെ നിയമാനുസൃതമായ ബാധ്യതയാണ് ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ നടത്തൽ. അതിനവർക്ക് നികുതിയിളവുകൾ അനുവദിച്ചിട്ടുണ്ട്. നികുതിയിളവ് അനുവദിച്ചത് തെറ്റാണെങ്കിൽ നിങ്ങൾ തെരഞ്ഞെടുത്ത് അയച്ച സാമാജികരോടാണ് സമരം ചെയ്യേണ്ടത്. വ്യക്തികളും മതങ്ങളും സംഘടനകളും കോർപ്പറേറ്റ് ഭീമന്മാരും പേർ നന്നാക്കാൻ പലതും ചെയ്യും. അതിനെ പ്രോത്സാഹിപ്പിക്കുകയല്ലേ വേണ്ടത്?

ഇവിടത്തെ പ്രധാനപ്രശ്നം നമ്മുടെ അടുക്കളകളിലെ വെള്ളത്തിനോട് പോലും നമുക്ക് വിശ്വാസമില്ലാതെയായി എന്നതാണ്. സ്വന്തം മുലപ്പാലിനെ വിശ്വാസമില്ലാതെയായാൽ അമ്മമാർ അത് കുഞ്ഞുങ്ങൾക്ക് കൊടുക്കില്ല. മുലപ്പാലിനേക്കാൾ ബേബിഫുഡിനെ ആഗ്രഹിച്ച/വിശ്വസിച്ച ഒരു കാലമുണ്ടായിരുന്നല്ലോ? വിശ്വാസം വീണ്ടെടുക്കാൻ സമൂഹം വേണ്ടത് ചെയ്യണം.

# തീവ്രമായ മാർഗ്ഗങ്ങളിലൂടെ തന്നെ കോളയെ തടയണം

**എൻ.പി. ജോൺസൺ**
**(പ്ലാച്ചിമട ഐക്യദാർഢ്യസമിതി മുൻ ചെയർപേഴ്സൺ)**

കൊക്കക്കോള സ്ഥാപിച്ച ശുദ്ധജലവിതരണ പ്ലാന്റ് അടിച്ചുതകർക്കുകയാണ് ചെയ്യേണ്ടത്. പക്ഷെ ആശുപത്രിയിൽ ശുദ്ധജല വിതരണത്തിനായി സ്ഥാപിച്ച പ്ലാന്റ് അടിച്ചുതകർത്താൽ ശക്തമായ വികാരം അതിനെതിരെയുണ്ടാകും. ശുദ്ധജലം വിതരണം ചെയ്യുന്നതിൽ എന്താണ് തെറ്റ് എന്ന് ചോദ്യമുണ്ടാകും. അവിടെയാണ് കോളയുടെ വിജയം. പ്രതികരിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിലൂടെ കടന്ന് വരാനാണ് അവർ ശ്രമിക്കുന്നത്. അത്തരം പഴുതുകൾ നമ്മൾ അടയ്ക്കണം.

നഷ്ടപരിഹാരമായി ആവശ്യപ്പെട്ട 216 കോടി രൂപ നൽകാതെ ഈ രീതിയിൽ രക്ഷപെടാൻ ശ്രമിക്കുന്ന കോളയെ വെറുതെ വിടാൻ പാടില്ല. തീവ്രമായ സമരങ്ങൾ അതിന് വേണ്ടിവരും. കൊക്കക്കോളയുടെ വണ്ടികൾ തടയണം. അതാണ് ശരിയായ രാഷ്ട്രീയ പ്രതിരോധം. കോളയുത്പന്നങ്ങളിലൂടെ നമ്മുടെ സമ്പദ്‌വ്യവസ്ഥയിലേക്കാണ് അവർ കടന്നുകയറാൻ ശ്രമിക്കുന്നത്. സമ്പദ്‌വ്യവസ്ഥയിലുള്ള കോർപ്പറേറ്റ് കൈകടത്തൽ തീവ്രമായ മാർഗ്ഗങ്ങളിലൂടെ തന്നെ തടയപ്പെടണം.

# എൻഡോസൾഫാനോടുള്ള മമത മന്ത്രിക്ക് കോളയോടും

**കരീം.കെ.പുറം**
**(എഡിറ്റർ, നാച്വറൽ ഹൈജീൻ, ജൈവകർഷകൻ)**

ഇന്ത്യാ രാജ്യത്തെ ജനങ്ങളും സർക്കാരും ആത്മാഭിമാനികളല്ല എന്നതിന്റെ ഏറ്റവും പുതിയ ദൃഷ്ടാന്തമാണ് കൊക്കക്കോളയുടെ വെള്ളം സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നത്. ഒരു നാട്ടിലെ മുഴുവൻ ജലവും ചൂഷണം ചെയ്തതിന് പരിഹാരമായി 216 കോടി രൂപ നഷ്ടപരിഹാരം തരാൻ ബാധ്യസ്ഥരാണെന്ന സാഹചര്യം ഒരുവശത്ത് നിൽക്കുമ്പോഴാണ് ആശുപത്രികളിലെ ശുദ്ധജല വിതരണത്തിന്റെ ചുമതല അവരെ ഏൽപ്പിക്കുന്നത്. അത് ഉദ്ഘാടനം ചെയ്തതാകട്ടെ കേന്ദ്രമന്ത്രി കെ.വി. തോമസും. ബി.ടി. വഴുതനയ്ക്കും എൻഡോസൾഫാനും വേണ്ടി വാദിച്ച ഈ മന്ത്രി കൊക്കക്കോളയുടെ മടിയിലും സുഖശയനം നടത്തുമെന്ന് ഇതിൽ നിന്നും വ്യക്തം. ഉർവ്വശീശാപം ഉപകാരം എന്ന് പറഞ്ഞ പോലെ തോമസായതുകൊണ്ട് ഇതിനെതിരെ ജനരോഷം ഉയരുകയും കൊക്കക്കോളയെ ഇന്ത്യയിൽ നിന്ന് കെട്ട്കെട്ടിക്കാൻ ഈ സംഭവം ഉപയുക്തമാവുകയും ചെയ്യുമെന്നാണ് ഞാൻ കരുതുന്നത്.

# വി. എസ് പ്രതികരിക്കണം


**സണ്ണി പൈകട**
**(ഹിന്ദ്സ്വരാജ് ഫോറം)**

പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിനെ എത് മാർഗ്ഗത്തിലൂടെയും പ്രതിരോധിക്കാൻ തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ് കൊക്കക്കോള. പ്രസിഡന്റ് അനുമതി നൽകിയാലും അവർ മറ്റ് മാർഗ്ഗങ്ങളിലൂടെ അതിനെ തകർക്കാൻ ശ്രമിക്കുമെന്നാണ് അറിയാൻ കഴിയുന്നത്. എന്നിട്ടും കോളയെ കേരളത്തിൽ മറ്റൊരു രൂപത്തിൽ കുടിയിരുത്തുന്നതിന്റെ അപാകത നമ്മുടെ രാഷ്ട്രീയ നേതൃത്വങ്ങൾ തിരിച്ചറിയാതെ പോകുന്നത് എന്തുകൊണ്ടാണെന്ന് മനസിലാകുന്നില്ല. നഷ്ടപരിഹാരം നൽകണമെന്ന് നിയമസഭ സംയുക്തമായി എടുത്ത തീരുമാനമാണ് കോള അട്ടിമറിക്കുന്നത്. ഈ വൈരുദ്ധ്യം പൊതുസമൂഹത്തിന് മുന്നിൽ തുറന്ന് കാണിക്കാൻ സാമൂഹിക പ്രവർത്തകർക്ക് കഴിയണം. രാഷ്ട്രീയ തീരുമാനത്തോടെ തന്നെ ഈ നീക്കം തടയപ്പെടണം. രാഷ്ട്രീയനേതൃത്വങ്ങളെ ഈ അധാർമ്മികത ബോധ്യപ്പെടുത്തണം. വി.എസ്. അച്യുതാനന്ദനെപ്പോലെയുള്ളവർ ഈ വിഷയത്തിൽ പ്രതികരിക്കണം.

# സമൂഹ്യസ്വീകാര്യതയ്ക്കുള്ള ശ്രമം

**രാജേഷ്.കെ.പി**
**(സാമൂഹികശാസ്ത്ര ഗവേഷക വിദ്യാർത്ഥി, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി)**

പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിക്കെതിരായ സമരത്തിന്റെ ഭാഗമായി കൊക്കക്കോള കമ്പനിക്കും അതിന്റെ ഉത്പന്നങ്ങൾക്കുമെതിരായുള്ള ഒരു അഭിപ്രായരൂപീകരണം നമ്മുടെ പൊതുസമൂഹത്തിൽ പൊതുവിൽ രൂപപ്പെട്ടിട്ടുണ്ട്. ഇത് നന്നായി തിരിച്ചറിയുന്ന കൊക്കക്കോള മറ്റൊരു തരത്തിൽ കേരളീയ സമൂഹത്തിൽ സ്വീകാര്യത വീണ്ടെടുക്കാൻ നടത്തുന്ന ശ്രമമായി ഈ പുതിയ സംരംഭത്തെ മനസിലാക്കേണ്ടതുണ്ട്. ഭരണവർഗ്ഗതാത്പര്യങ്ങളെ പല നിലയ്ക്കും സ്വാധീനിക്കാൻ കഴിയുന്ന ഒരു മൾട്ടിനാഷണൽ കമ്പനിയാണിതെന്ന് ഇതിനോടകം തന്നെ കേരളത്തിന്റെ അനുഭവത്തെ മുൻനിർത്തി ബോധ്യപ്പെട്ട സ്ഥിതിക്ക് ഈ പുതിയ സംരംഭവും നമ്മുടെ സർക്കാറിന്റെ മുൻകൈയിലും സഹകരണത്തോടെയുമാണ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചതെന്നതിൽ അത്ഭുതത്തിനവകാശമില്ല. ജാഗ്രതയോടെ ഈ നീക്കത്തെ എതിർത്ത് തോൽപ്പിക്കുകതന്നെ വേണം.



**ആശുപത്രിയിൽ അനുവദനീയമായതും അല്ലാത്തതും**




## എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. എം.ഐ. ജുനൈദ് റഹ്മാനെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ ലഭിച്ച പ്രതികരണം

**കൊക്കക്കോളയുടെ ശുദ്ധജല വിതരണ പരിപാടി ആശുപത്രിയിൽ തുടങ്ങാൻ കാരണം?**
തീരുമാനം എന്റേതല്ല. ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റിയാണ് അതിന് അനുവാദം നൽകിയത്. കളക്ടറിനാണ് സൊസൈറ്റിയുടെ ചുമതല. ഡി.എം.ഒയുടെ നിർദ്ദേശവുമുണ്ടായിരുന്നു.

**കൊക്കക്കോള താങ്കളെ സമീപിച്ചിരുന്നോ?**
ഇല്ല. എന്നെ സമീപിച്ചിട്ടില്ല.

**എത്ര രൂപയാണ് പദ്ധതി തുക?**
ഒരു യൂണിറ്റിന് രണ്ട് ലക്ഷം രൂപ. അങ്ങനെ രണ്ട് യൂണിറ്റുകൾ.

**പ്രവർത്തനം തുടങ്ങിയോ?**
ഇല്ല. മെഷീൻ സ്ഥാപിച്ചിട്ടേയുള്ളു. ടാപ്പ് കണക്ഷനൊക്കെയാകാൻ ഇനിയും വൈകും.

**ഇപ്പോൾ ആരാണ് ആശുപത്രിയിൽ ജലവിതരണം നടത്തുന്നത്?**
കോർപ്പറേഷൻ

**കോർപ്പറേഷന്റെ വെള്ളം കുടിക്കാനുപയോഗിക്കുന്നുണ്ടോ?**
നേരിട്ട് കുടിക്കുന്നുണ്ടോ എന്നറിയില്ല. തിളപ്പിച്ച് ഉപയോഗിക്കുന്നുണ്ടാകും.

**കുടിവെള്ളത്തിന് മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ ആശുപത്രിയിലുണ്ടോ?**
അക്വാഗാർഡിന്റെ വാട്ടർ പ്യൂരിഫയർ വിവിധ ബ്ലോക്കുകളിലുണ്ട്.

**എത്രയെണ്ണം?**
ആറെണ്ണം